# തിന്മയുടെ സൃഷ്ടിപ്പ്

ഡോ: മുഹമ്മദ് മുസ്തഫ അൽജിബാലി

വിവ: മുഹമ്മദ് സിയാദ്

## നന്മയുടെയും തിന്മയുടെയും നിർവചനം

നന്മതിന്മകളെ സംബന്ധിച്ച് താഴെ പറയും പ്രകാരം നിർവചിക്കാവുന്നതാണ്:

1. **നന്മ**: ആനന്ദവും ആത്മസംതൃപ്തിയുമുണ്ടാക്കുന്നതും മനുഷ്യപ്രകൃതിയുമായി യോജിക്കുന്നമായ എല്ലാ കാര്യങ്ങളും.

2. **തിന്മ**: അസന്തുഷ്ടിയും ഉപദ്രവവുമുണ്ടാകുന്നതും, മനുഷ്യപ്രകൃതിക്ക് എതിർനിൽക്കുന്നതുമായ എല്ലാ കാര്യങ്ങളും.

അല്ലാഹുവാണ് സകല വസ്തുക്കളെയും സൃഷ്ടിച്ചതെന്ന് നാം മനസ്സിലാക്കി. അല്ലാഹുവിന്റെ സൃഷ്ടികളിൽ കാണുന്ന തിന്മകളും ഇതിൽ ഉൾപ്പെടും. അതിന്റെയർഥം പരമമായ നന്മയുടെ ഉടമയും അത്യുദാത്തനുമായ അല്ലാഹു തിന്മയെ സൃഷ്ടിക്കുന്നു എന്നാണോ? പല ആളുകളേയും കുഴക്കിയിട്ടുള്ളതും അവരെ നേർമാർഗത്തിൽ നിന്നും വ്യതിചലിപ്പിച്ചതുമായ സുപ്രധാന ചോദ്യമാണ് നാം ഇവിടെ വിശദീകരിക്കുന്നത്.

## തെറ്റായ വീക്ഷണങ്ങൾ

തിന്മയുടെ സൃഷ്ടിപ്പിനെ കുറിച്ച് പലരും തെറ്റായ വീക്ഷണങ്ങൾ വെച്ചുപുലർത്തുന്നവരാണ്. അവരുടെ വീക്ഷണങ്ങളിൽ പലതും താഴെ കാണുന്ന രൂപത്തിലാണ്:

1. ഒരു വിഭാഗം വാദിക്കുന്നത് അല്ലാഹു തിന്മയെ സൃഷ്ടിക്കാൻ സാധ്യതയില്ലെന്നാണ്. അതിനർത്ഥം തിന്മ അല്ലാഹു അല്ലാത്ത മറ്റാരോ സൃഷ്ടിച്ചതായിരിക്കാമെന്ന്. അതാകട്ടെ, വ്യക്തമായ ശിർക്കാണ്. കാരണം നന്മക്കും തിന്മക്കുമായി രണ്ട് വ്യത്യസ്ത സ്രഷ്ടാക്കളെ സങ്കൽപിക്കലാണത്.

2. മറ്റൊരു വിഭാഗം വാദിക്കുന്നത് അല്ലാഹു ഈ ലോകത്തേയും അതിലെ ചരാചരങ്ങളേയും സൃഷ്ടിച്ച ശേഷം അവയെ പരിപാലിക്കാതെ തനിയെ വിട്ടിരിക്കുന്നു എന്നാണ്. സൃഷ്ടിപ്പിന് ശേഷം വന്നുഭവിക്കുന്ന ഏതെങ്കിലും തിന്മ അല്ലാഹുവിന്റെ ചെയ്തിയിൽപെട്ടതല്ല എന്നാണവരുടെ വിശ്വാസം. ഈ വിഭാഗവും ആദ്യവിഭാഗത്തെപോലെ രണ്ട് സ്രഷ്ടാക്കളെ സങ്കൽപിക്കുയാണ് ചെയ്യുന്നത്. (മാത്രമല്ല, ലോകസൃഷ്ടിപ്പിനു ശേഷം അതിന്റെ പരിപാലനം അല്ലാഹു നിർത്തിവെച്ചു എന്ന ഗുരുതരമായ വ്യതിയാനം കൂടി ഈ വിഭാഗത്തിനുണ്ട്).

3. മൂന്നാമത്തെ വിഭാഗം വാദിക്കുന്നത് ആവശ്യമുള്ളതെന്തും സൃഷ്ടിക്കാൻ അല്ലാഹുവിന് സ്വാതന്ത്രമുള്ളതുകൊണ്ടുതന്നെ നന്മകളും തിന്മകളും സൃഷ്ടിക്കുന്നതും അവൻ തന്നെയാണ് എന്നാണ്. അവൻ പ്രവർത്തിക്കുന്നതിനെപ്പറ്റി ചോദ്യം ചെയ്യാവതല്ല. അങ്ങനെ ചെയ്യുന്നത് തെറ്റാണ്. കാരണം വ്യക്തമായ തിന്മ സൃഷ്ടിക്കുന്നതിൽ നിന്നും അല്ലാഹു പരിശുദ്ധനാണ്.

## ശരിയായ നിലപാട്

നന്മ തിന്മകളെ സംബന്ധിച്ച ശരിയായ വീക്ഷണം ഉപശീർഷകങ്ങളിലൂടെ ശേഷം വിവരിക്കുന്നതാണ്. അതിന് മുമ്പ് ഒരു ഉദാഹരണം ശ്രദ്ധിക്കുക.

### പെയിന്റിങ്ങിന്റെ ഉദാഹരണം



നിപുണനായ ഒരു ചിത്രകാരൻ രൂപ കൽപന ചെയ്ത ഒരു വർണചിത്രം നമുക്ക് സങ്കൽപിക്കാം. അകലെ നിന്ന് നോക്കിയാൽ, അത് സുന്ദരവും കുറ്റമറ്റതുമായി നാം കാണും. അതിന്റെ പകിട്ടിൽ ആകൃഷ്ടരാവുകയും വിവിധ വർണങ്ങൾ ഇണങ്ങിച്ചേരുന്ന അതിന്റെ സൗകുമാര്യതയിൽ നമുക്ക് മതിപ്പ്തോന്നുകയും ചെയ്യും. അത് മൊത്തത്തിൽ സുന്ദരമാണെന്ന് നാം അഭിപ്രായപ്പെടും.

എന്നാൽ സൂക്ഷ്മനിരീക്ഷകനായ ഒരാൾ അതേ വർണചിത്രത്തെ കണിശമായി പരിശോധിക്കുന്നു എന്നിരിക്കട്ടെ. അയാൾ പറയും: ''എന്തിനാണ് ഈ ചിത്രകാരൻ ഇവിടെ ഇരുണ്ട നിറം നൽകിയത്? എന്തിനാണ് ഈ പിളർന്ന പാറക്കല്ലുകൾ വരച്ചുവെച്ചത്? വിദഗ്ദനായ ചിത്രകാരനാണെങ്കിൽ ഇതിൽ ജ്വലിക്കുന്ന നിറങ്ങളും, പൂർണാകാര വസ്തുക്കളും മാത്രമേ വരക്കൂ.''

ഈ സൂക്ഷ്മനിരീക്ഷകൻ ചിത്രത്തിലെ 'ബാഹ്യതലവൈരൂപ്യം' മാത്രമേ കാണുന്നുള്ളൂ. എന്നാൽ അതെല്ലാം ചേർന്ന് എങ്ങനെ മൊത്തത്തിലുള്ള സൗന്ദര്യമാകുന്നുവെന്ന് കാണുന്നതിൽ പരാജയപ്പെടുന്നു. സകലവസ്തുക്കളും വർണങ്ങളും ഒന്നിച്ചുചേർന്ന് പൂർണ സൗന്ദര്യമായിത്തീരുന്നത് കണ്ടെത്തുന്നതിൽ അയാൾ പരാജിതനാണ്. ഇരുണ്ട നിറങ്ങളാണ് ജ്വലിക്കുന്ന നിറങ്ങൾക്ക് ഊന്നൽ നകുന്നതെന്നും, ഒരു ചിത്രം സമ്പൂർണമാകണമെങ്കിൽ അപൂർണ വസ്തുക്കൾ ആവശ്യമായി വരുമെന്നും അയാൾ മനസ്സിലാക്കിയിട്ടില്ല. അതിനാൽ, ആ വർണചിത്രം മൊത്തത്തിൽ മങ്ങിയതോ വൈരൂപ്യമുള്ളതോ അല്ല, മറിച്ച് ശോഭനവും ആകർഷകവുമാണ്. എന്നാൽ ചിത്രത്തിന്റെ ഭാഗികമായ നിരീക്ഷകനല്ല, അതിനെ സമ്പൂർണമായി വിലയിരുത്തുന്നവനേ, അവ്വിധത്തിൽ ആസ്വദിക്കാനാവൂ. ഈ ഉദാഹരണം മനസ്സിലാക്കിക്കഴിഞ്ഞാൽ അല്ലാഹുവിന്റെ സൃഷ്ടികളിലുള്ള തിന്മയുടെ സ്വഭാവത്തെക്കുറിച്ച് താഴെ വരുന്ന ചർച്ചയും മനസ്സിലാകും.

### 1. അല്ലാഹു മാത്രമാണ് സ്രഷ്ടാവ്

അല്ലാഹു മാത്രമാണ് സ്രഷ്ടാവെന്നകാര്യം നാം മുമ്പ് ചർച്ച ചെയ്തിരുന്നു. സൃഷ്ടിക്കപ്പെട്ടതും ഇനി സൃഷ്ടിക്കാനിരിക്കുന്നതുമായ ഏതൊരു വസ്തുവും അവന്റെ മാത്രം സൃഷ്ടിയാണ്. അവനെ കൂടാതെ മറ്റൊരു സ്രഷ്ടാവില്ല. ഉദാഹരണത്തിന്, അല്ലാഹു പറയുന്നു:

﴿ ٱللَّهُ خَٰلِقُ كُلِّ شَيۡءٖۖ وَهُوَ عَلَىٰ كُلِّ شَيۡءٖ وَكِيلٞ ٦٢ ﴾ الزمر: ٦٢

''അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടവാകുന്നു. അവൻ എല്ലാ വസ്തുക്കളുടെ മേലും കൈകാര്യകർത്താവുമാകുന്നു.''(സുമർ 62)

ദുരന്തങ്ങളുണ്ടാകുന്നത് പോലും അല്ലാഹുവിന്റെ ഉദ്ദേശത്തോടും അനുമതിയോടും കൂടിയാണ്. അല്ലാഹു പറയുന്നു:

﴿ مَآ أَصَابَ مِن مُّصِيبَةٍ إِلَّا بِإِذۡنِ ٱللَّهِۗ وَمَن يُؤۡمِنۢ بِٱللَّهِ يَهۡدِ قَلۡبَهُۥۚ وَٱللَّهُ بِكُلِّ شَيۡءٍ عَلِيمٞ ﴿١١﴾ ﴾ التغابن: ١١

''അല്ലാഹുവിന്റെ അനുമതി പ്രകാരമല്ലാതെ യാതൊരു വിപത്തും ബാധിച്ചിട്ടില്ല. വല്ലവനും അല്ലാഹുവിൽ വിശ്വസിക്കുന്ന പക്ഷം അവന്റെ ഹൃദയത്തെ അവൻ നേർവഴിയിലാക്കുന്നതാണ്. അല്ലാഹു ഏതു കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു.''(അത്തഗാബുൻ 11)

അബൂഹുറയ്റ(ﷺ) നിവേദനം: നബി(ﷺ) പറഞ്ഞു:

إِنَّ الله خلق السموات والأرض وَمَا بَيْنَهُمَا فِي سِتَّةِ أَيَّامٍ ثُمَّ اسْتَوَى عَلَى الْعَرْشِ، يَوْمَ السَّابِعِ، وَخَلَقَ التُّرْبَةَ يَوْمَ السَّبْتِ، وَالْجِبَالَ يَوْمَ الأَحَدِ، وَالشَّجَرَ يَوْمَ الاثْنَيْنِ، وَالشَّرَّ يَوْمَ الثُّلاثَاءِ، وَالنُّورَ يَوْمَ الأَرْبَعَاءِ، وَالدَّوَابَّ يَوْمَ الْخَمِيسِ، وَآدَمَ يَوْمَ الْجُمُعَةِ فِي آخِرِ سَاعَةٍ مِنَ النَّهَارِ بَعْدَ الْعَصْرِ، خَلَقَهُ مِنْ أَدِيمِ الأَرْضِ بِأَحْمَرِهَا وَأَسْوَدِهَا وَطَيِّبِهَا وَخَبِيثِهَا، مِنْ أَجْلِ ذَلِكَ جَعَلَ اللَّهُ مِنْ آدَمَ: الطيب والخبيث

''നിശ്ചയം, ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും അല്ലാഹു ആറ് ദിവസങ്ങളിലായി സൃഷ്ടിച്ചു. പിന്നെ, ഏഴാമത്തെ ദിവസം അവൻ അർശിൽ ആരോഹിതനായി. ശനിയാഴ്ച മണ്ണും, ഞായറാഴ്ച പർവ്വതങ്ങളും തിങ്കളാഴ്ച സസ്യവൃക്ഷാദികളെയും ചൊവ്വാഴ്ച തിന്മയെയും (വെറുക്കപ്പെട്ടവയെയും), ബുധനാഴ്ച പ്രകാശത്തെയും വ്യാഴാഴ്ച ജന്തുജാലങ്ങളെയും വെള്ളിയാഴ്ച അസ്റിന് ശേഷമുള്ള പകലിന്റെ അന്ത്യയാമത്തിൽ ആദമിനെയും സൃഷ്ടിച്ചു. അദ്ദേഹത്തെ ചുവപ്പും കറുപ്പും (നിറമുള്ള), നല്ലതും ചീത്തയുമായ ഭൂമിയിലെ മണ്ണ്കൊണ്ട് സൃഷ്ടിച്ചതാണ്. അത് കാരണം, അല്ലാഹു ആദമിൽ നിന്നും നല്ലതിനെയും ചീത്തയെയും കൊണ്ടുവന്നു.[1]

ഈ ഹദീഥിലെ ''വെറുക്കപ്പെട്ടത് അഥവാ തിന്മ'' എന്നത് ദുരന്തങ്ങളെയും ഹാനികരമായ ജീവികളെയും മനുഷ്യർ വെറുക്കുകയും മോശമായി കണക്കാക്കുകയും ചെയ്യുന്ന മറ്റു പാതകങ്ങളെയുമാണ് സൂചിപ്പിക്കുന്നത്.

## 2. സൃഷ്ടിപ്പിന് പിന്നിൽ ഒരു യുക്തിയുണ്ട്

അല്ലാഹു സൃഷ്ടിക്കുന്ന എല്ലാ കാര്യങ്ങൾക്ക് പിന്നിലും ഒരു യുക്തിയുണ്ട്. അവൻ ഒന്നും വ്യർത്ഥമായോ അബദ്ധത്തിലോ സൃഷ്ടിക്കുകയില്ല. അല്ലാഹു പറയുന്നു:

﴿ وَمَا خَلَقۡنَا ٱلسَّمَٰوَٰتِ وَٱلۡأَرۡضَ وَمَا بَيۡنَهُمَا لَٰعِبِينَ ﴿٣٨﴾ مَا خَلَقۡنَٰهُمَآ إِلَّا بِٱلۡحَقِّ ﴾ الدخان: ٣٨ - ٣٩

''ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും നാം കളിയായിക്കൊണ്ട് സൃഷ്ടിച്ചതല്ല. ശരിയായ ഉദ്ദേശത്തോട് കൂടിത്തന്നെയാണ് നാം അവയെ സൃഷ്ടിച്ചത്.'' (അദ്ദുഖാൻ 38,39)

ഒരു ലക്ഷ്യമില്ലാതെയും കൃത്യമായ ആസൂത്രണമില്ലാതെയും വസ്തുക്കളെ സൃഷ്ടിക്കുന്ന ഒരു സ്രഷ്ടാവ് നമ്മുടെ ആദരവിനോ ആരാധനക്കോ അർഹനല്ല. അത്തരം അസംബന്ധങ്ങളിൽ നിന്നെല്ലാം അല്ലാഹു പരിശുദ്ധനാണ്. അവൻ പറയുന്നു:

---

[1] മുസ്‌ലിമും നസാഇയും മറ്റും. ചില ഹദീസ് പണ്ഡിതന്മാർ ഇതിനെ ദുർബലമായി കണക്കാക്കി. എന്നാൽ അൽബാനി അതിനെ ഖണ്ഡിച്ചുകൊണ്ട് സ്വഹീഹാണെന്ന് ഉറപ്പുവരുത്തി (അസ്സഹീഹ 1833, മുഖ്തസ്വർ അൽ ഉലുവ്വ് 71, അൽ മിശ്കാത്ത് 5666)

﴿ أَفَحَسِبْتُمْ أَنَّمَا خَلَقْنَاكُمْ عَبَثًا وَأَنَّكُمْ إِلَيْنَا لَا تُرْجَعُونَ ﴿١١٥﴾ فَتَعَالَى اللَّهُ الْمَلِكُ الْحَقُّ ۖ لَا إِلَٰهَ إِلَّا هُوَ رَبُّ الْعَرْشِ الْكَرِيمِ ﴿١١٦﴾ ﴾ المؤمنون: ١١٥ - ١١٦

''അപ്പോൾ നാം നിങ്ങളെ വൃഥാ സൃഷ്ടിച്ചതാണെന്നും, നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ലെന്നും നിങ്ങൾ കണക്കാക്കിയിരിക്കുകയാണോ? എന്നാൽ യഥാർത്ഥ രാജാവായ അല്ലാഹു ഉന്നതനായിരിക്കുന്നു. അവനല്ലാതെ യാതൊരു ദൈവവുമില്ല. മഹത്തായ സിംഹാസനത്തിന്റെ നാഥനത്രെ അവൻ.''(അൽ മുഅ്മിനൂൻ 115,116)

സൃഷ്ടികളെ സൃഷ്ടിക്കുമ്പോൾ അല്ലാഹുവിന് അബദ്ധം പറ്റുകയോ മറവി സംഭവിക്കുയോ ചെയ്തിട്ടില്ല. എല്ലാ കാര്യങ്ങളും ഏറ്റവും നല്ല രീതിയിൽ ആസൂത്രണം ചെയ്ത് 'ലൗഹുൽ മഹ്ഫൂളി'ൽ പൂർണമായി രേഖപ്പെടുത്തിയ ശേഷം ആസൂത്രണം ചെയ്ത രൂപത്തിൽ കൃത്യ മായി സൃഷ്ടിച്ചു. അല്ലാഹു പറയുന്നു:

﴿ وَمَا مِن دَابَّةٍ فِي الْأَرْضِ وَلَا طَائِرٍ يَطِيرُ بِجَنَاحَيْهِ إِلَّا أُمَمٌ أَمْثَالُكُم ۚ مَّا فَرَّطْنَا فِي الْكِتَابِ مِن شَيْءٍ ﴾ الأنعام: ٣٨

''ഭൂമിയിലുള്ള ഏതൊരു ജന്തുവും, രണ്ട് ചിറകുകൾ കൊണ്ട് പറക്കുന്ന ഏതൊരു പക്ഷിയും നിങ്ങളെപ്പോലെയുള്ള ചില സമൂഹങ്ങൾ മാത്രമാകുന്നു. ഗ്രന്ഥത്തിൽ നാം യാതൊന്നും വീഴ്ച വരുത്തിയിട്ടില്ല. പിന്നീട് തങ്ങളുടെ രക്ഷിതാവിങ്കലേക്ക് അവർ ഒരുമിച്ചുകൂട്ടപ്പെടുന്നതാണ്'' (അൽ അൻആം 38)

**3. അല്ലാഹു സൃഷ്ടിക്കുന്നതെല്ലാം നല്ലതാണ്**

അല്ലാഹു സൃഷ്ടിക്കുന്ന വസ്തുക്കളെല്ലാം സോദ്ദേശ്യപരവും വിശിഷ്ടവുമാണ്. അവൻ സൃഷ്ടിക്കുന്നതൊന്നും പരിപൂർണമായ തിന്മയാവുകയില്ല. അല്ലാഹു അവനെ സ്വയം വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ്.

﴿ الَّذِي أَحْسَنَ كُلَّ شَيْءٍ خَلَقَهُ ﴾ السجدة: ٧

''താൻ സൃഷ്ടിച്ച എല്ലാ വസ്തുക്കളെയും വിശിഷ്ടമാക്കിയവനത്രെ അവൻ'' (അസ്സജദ 7)

ഉദാഹരണമായി, ഒരു വ്യക്തി അസാധാരണമായ ശരീരഘടനയുള്ളവനാണെങ്കിൽ, അതി നർത്ഥം അവന്റെ സൃഷ്ടിപ്പിൽ വൈകല്യം സംഭവിച്ചു എന്നല്ല. പ്രത്യുത, അല്ലാഹുവിന് മാത്രം അറിയാവുന്ന ഒരു ജ്ഞാനത്തിനും ഗുണത്തിനും വേണ്ടി അവനെ സൃഷ്ടിക്കാൻ അല്ലാഹു തീരുമാനിച്ചു എന്നാണ്.

അശ്ശിരീദ്(﵁) നിവേദനം: ഒരിക്കൽ ഒരാൾ നബി(ﷺ)യോട് ഇപ്രകാരം ആവലാതിപ്പെട്ടു. 'കാൽമുട്ടുകൾ പരസ്പരം തൊട്ടുരുമ്മുന്ന വിധം എന്റെ കാലുകൾ വളഞ്ഞിട്ടാണ്.' നബി(ﷺ) അവന് വിശദീകരിച്ചുകൊടുത്തു:

إِنَّ كُلَّ خَلْقِ اللهِ عَزَّ وَجَلَّ حَسَنٌ

''അല്ലാഹുവിന്റെ സൃഷ്ടിപ്പ് മുഴുവൻ നന്മയാണ്.''[2]

[2] അഹ്മദും മറ്റും റിപ്പോർട്ട് ചെയ്തത്. അൽബാനി സ്വഹീഹാണെന്ന് സ്ഥിരീകരിച്ചു- അസ്സ്വഹീഹ 1441

അത് കൂടാതെ, ജനങ്ങൾ പൊതുവെ 'വൈകല്യ'മായി കണക്കാക്കുന്ന കാര്യങ്ങൾ അത് ബാധിച്ച വ്യക്തിക്കും അവന് ചുറ്റുമുള്ള മറ്റുള്ളവർക്കും വലിയ അനുഗ്രഹമായി ഭവിക്കാറുണ്ട്- ആ വൈകല്യത്തെ വളരെയധികം മറികടക്കുന്ന അനുഗ്രഹങ്ങൾ. ഉദാഹരണത്തിന്:

1. വൈകല്യമുള്ള വ്യക്തിക്ക് ആ വൈകല്യം മൂലം തന്റെ ദുർബലതയും അല്ലാഹുവിന്റെ മേലുള്ള തന്റെ ആശ്രയത്വവും ബോധ്യമാവും. അത് അല്ലാഹുവിന് കീഴൊതുങ്ങുന്നതിലേക്കും ക്ഷമ പാലിച്ചതിന് അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിക്കുന്നതിലേക്കും നയിക്കും.

2. മറ്റുള്ളവർ, പ്രസ്തുത വൈകല്യം അല്ലാഹു തങ്ങളെ ബാധിപ്പിച്ചില്ലല്ലോ എന്നോർത്ത് അവന്റെ അനുഗ്രഹത്തെ മതിക്കും. ഒപ്പം ഏത് വൈകല്യവും ബാധിപ്പിക്കാൻ അവൻ കഴിവുള്ളവനാണ് എന്ന് മനസ്സിലാക്കുകയും ചെയ്യും. ഇത് അല്ലാഹുവിന് നന്ദി കാണിക്കാനും അവന് കീഴൊതുങ്ങാനും അവനെ അനുസരിക്കാനും അവരെ പ്രേരിപ്പിക്കും.

3. മറ്റൊരാളിലെ വൈകല്യം ജനങ്ങൾക്കിടയിലുള്ള ശാരീരികമായ വ്യത്യാസങ്ങളെ കുറിച്ചുള്ള അവബോധം ആ വൈകല്യം സമൂഹത്തിലുണ്ടാക്കും. അതുമൂലം പരസ്പരം സഹായിക്കാനും ആ സമൂഹത്തിലെ ജനങ്ങൾക്കിടയിൽ അനുകമ്പയുണ്ടാക്കാനും പ്രേരിപ്പിക്കും.

നാം അനുഭവിക്കുന്ന ദുരിതങ്ങളിലും ഉണ്ടാവാനിടയുള്ള ഉപകാരങ്ങളെ സംബന്ധിച്ചാണ് അടുത്ത അധ്യായത്തിലെ ചർച്ച.

### 4. സൃഷ്ടികൾക്കിടയിൽ തിന്മയുണ്ട്

അല്ലാഹുവിന്റെ സൃഷ്ടികൾക്കിടയിൽ ധാരാളം തിന്മകളുണ്ടെന്ന കാര്യം നമുക്ക് നിഷേധിക്കാൻ സാധിക്കുകയില്ല. ദുഷ്ടതകൾ, ദ്രോഹം, കള്ളം, കൂറില്ലായ്മ, വഞ്ചന, പരദൂഷണം, മോഷണം, നരഹത്യ, പരിശ, വ്യഭിചാരം തുടങ്ങി അതിരില്ലാത്ത ഒരു പട്ടിക തന്നെ നമുക്ക് ചുറ്റും കാണുന്നുണ്ട്. യഥാർത്ഥത്തിൽ, അക്രമവാസന മനുഷ്യർക്കിടയിലുള്ള വ്യക്തമായ ഒരു പ്രവണതയാണെന്ന് അല്ലാഹു സൂചിപ്പിക്കുന്നുണ്ട്.

﴿إِنَّهُۥ كَانَ ظَلُومًا جَهُولًا ﴿٧٢﴾﴾ الأحزاب: ٧٢

''തീർച്ചയായും അവൻ കടുത്ത അക്രമിയും അവിവേകിയുമായിരിക്കുന്നു.''(അൽ അഹ്സാബ് 72)

അല്ലാഹുവിന്റെ സൃഷ്ടികളെല്ലാം നന്മയാണെന്ന നേരത്തെയുള്ള നമ്മുടെ അവകാശവാദത്തിന് ഇത് എതിരാകുമോ? ഒരിക്കലുമില്ല.

ചില ഉദാഹരണങ്ങൾ നാം മുകളിൽ കണ്ടു. തിന്മ എങ്ങനെയാണ് നന്മയെ കൊണ്ടുവരുന്നത് എന്ന് ബോധ്യപ്പെടുത്തുന്ന ചില ഉദാഹരണങ്ങളാണ് ഇനി പറയുന്നത്. ഒരു വ്യക്തിയുടെ ദുഷ്കർമം അവന്നും അവന്റെ ചുറ്റുമുള്ളവർക്കും ദോഷമായേക്കാം. എന്നാൽ മറ്റു ചിലർക്ക് ദീർഘകാലാടിസ്ഥാനത്തിലും വ്യത്യസ്ത അളവിലും അത് ഗുണകരമായേക്കാം. ഒരു ദുഷ്കർമവും അത് എത്തിച്ചേരുന്നയിടങ്ങളും തമ്മിലുള്ള പൂർണമായ ഈ അനുപാതം അല്ലാഹുവിന് മാത്രമേ അറിയൂ. അവനാണ് അത് മുഴുവൻ കണക്കാക്കുന്നത്. ആ കർമം എത്ര മോശമായാലും ശരി, ഈ അനുപാതങ്ങളുടെയെല്ലാം പരിണിതഫലം നന്മ മാത്രമേ ആവുകയുള്ളൂ.

**5. കേവല തിന്മ എന്ന ഒന്നില്ല**

മുൻകഴിഞ്ഞ ചർച്ചയിൽ നിന്നും പ്രത്യക്ഷത്തിൽ തിന്മയായി സൃഷ്ടിക്കപ്പെട്ട വസ്തുക്കളിൽ പോലും നന്മയുണ്ടെന്ന് നാം ആത്യന്തികമായി മനസ്സിലാക്കി. ശരിയായ വിശ്വാസവും ദീർഘവീക്ഷണവും കൊണ്ട് അല്ലാഹു അനുഗ്രഹിച്ചവർക്ക് ഇത് വളരെ വ്യക്തമാകുന്നതാണ്. വിവിധ സൃഷ്ടികളുടെ സമ്പർക്കങ്ങളും അവയുടെ പരിണിത ഫലങ്ങളുടെയും സമ്പൂർണ ചിത്രം അവർ നിരീക്ഷിക്കും. അങ്ങനെ, ചെറുതും വലുതുമായ അല്ലാഹുവിന്റെ സൃഷ്ടിപ്പിലുള്ള ജ്ഞാനത്തെ അവർ പ്രകീർത്തിക്കും.

നാം ഈ ലോകത്ത് കാണുന്ന തിന്മ കേവലമായതല്ല. പ്രത്യുത, അത് <u>'ആപേക്ഷിക</u>'മാണ്. കാരണം, അല്ലാഹുവിന്റെ സൃഷ്ടികളിൽ ഒരു വിഭാഗത്തിന് മാത്രമേ അത് തിന്മയായി തോന്നുകയുള്ളൂ. അതേ സമയം, അത് <u>'ആത്യന്തികതലത്തിൽ'</u> നന്മയാണ്. കാരണം, സൃഷ്ടികളിലുള്ള അല്ലാഹുവിന്റെ ജ്ഞാനത്തോടും നീതിയോടും അത് പൂർണ്ണമായി യോജിക്കുന്നു.

<u>ഉദാഹരണം:</u>

**യുദ്ധങ്ങൾ-** അനേകം ജനങ്ങളെ കൊന്നൊടുക്കുകയും വളരെയധികം സ്വത്തുക്കൾ നശിപ്പിക്കുകയും ചെയ്യുന്ന മഹാ ദുരന്തങ്ങളാണ് യുദ്ധങ്ങൾ എന്നതിൽ സംശയമില്ല. എങ്കിലും അത് സംഭവിക്കാൻ അല്ലാഹു അനുവദിക്കുന്നു. കാരണം, അത് അവന്റെ ജ്ഞാനത്തിന്റെയും പദ്ധതിയുടെയും ഭാഗം പൂർത്തീകരിക്കുന്നു- ജനസംഖ്യ സന്തുലിതപ്പെടുത്തുക, അക്രമികളായ രാഷ്ട്രങ്ങളെ ശിക്ഷിക്കുക, വിശ്വാസികളെ പരീക്ഷിക്കുക, ആരാധനാലയങ്ങളെ സംരക്ഷിക്കുക തുടങ്ങിയവയും നമുക്കറിയാത്ത മറ്റു കാരണങ്ങളും അവയ്ക്ക് പിന്നിലുണ്ടാകും. അല്ലാഹു പറയുന്നു:

﴿ ٱلَّذِينَ أُخْرِجُوا۟ مِن دِيَـٰرِهِم بِغَيْرِ حَقٍّ إِلَّآ أَن يَقُولُوا۟ رَبُّنَا ٱللَّهُ ۗ وَلَوْلَا دَفْعُ ٱللَّهِ ٱلنَّاسَ بَعْضَهُم بِبَعْضٍ لَّهُدِّمَتْ صَوَٰمِعُ وَبِيَعٌ وَصَلَوَٰتٌ وَمَسَـٰجِدُ يُذْكَرُ فِيهَا ٱسْمُ ٱللَّهِ كَثِيرًا ۗ وَلَيَنصُرَنَّ ٱللَّهُ مَن يَنصُرُهُۥٓ ۗ إِنَّ ٱللَّهَ لَقَوِىٌّ عَزِيزٌ ﴿٤٠﴾ ﴾ الحج: ٤٠

''യാതൊരു ന്യായവും കൂടാതെ, ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുന്നതിന്റെ പേരിൽ മാത്രം തങ്ങളുടെ ഭവനങ്ങളിൽ നിന്ന് പുറത്താക്കപ്പെട്ടവരത്രെ അവർ. മനുഷ്യരിൽ ചിലരെ മറ്റുചിലരെക്കൊണ്ട് അല്ലാഹു തടുക്കുന്നില്ലായിരുന്നുവെങ്കിൽ സന്യാസിമഠങ്ങളും, ക്രിസ്തീയദേവാലയങ്ങളും, യഹൂദദേവാലയങ്ങളും, അല്ലാഹുവിന്റെ നാമം ധാരാളമായി പ്രകീർത്തിക്കപ്പെടുന്ന മുസ്‌ലിം പള്ളികളും തകർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നതാരോ അവനെ തീർച്ചയായും അല്ലാഹു സഹായിക്കും. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയും തന്നെയാകുന്നു.'' (അൽ ഹജ്ജ് 40)

അങ്ങനെ, യുദ്ധങ്ങളുടെ സുപ്രധാനമായ പ്രയോജനങ്ങൾ കൊണ്ട് അതിന്റെ 'തിന്മ'യെ അല്ലാഹു നിഷ്പ്രഭമാക്കുന്നു.

**ഭൂമിയിൽ കുഴപ്പം-** അല്ലാഹു പറയുന്നു:

﴿ ظَهَرَ ٱلْفَسَادُ فِى ٱلْبَرِّ وَٱلْبَحْرِ بِمَا كَسَبَتْ أَيْدِى ٱلنَّاسِ لِيُذِيقَهُم بَعْضَ ٱلَّذِى عَمِلُوا۟ لَعَلَّهُمْ يَرْجِعُونَ ﴿٤١﴾ ﴾ الروم: ٤١

''മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടിയത്രെ അത്. അവർ ഒരു വേള മടങ്ങിയേക്കാം.''(അർറൂം 41)

ജനങ്ങളുടെ ദുഷ്ചെയ്തികൾ നിമിത്തമാണ് കുഴപ്പങ്ങളുണ്ടാകുന്നതെന്ന് ഇവിടെ അല്ലാഹു ഉണർത്തുന്നു. എന്നാൽ ഈ തിന്മക്ക് നല്ല പരിണിത ഫലമാണുണ്ടായത്. അതായത് ജന ങ്ങൾ സന്മാർഗത്തിലേക്ക് മടങ്ങിയേക്കും എന്നത്.

**പാപം ചെയ്യൽ-** നാം പാപം ചെയ്യുകയും ശേഷം അല്ലാഹുവോട് പാപമോചനം തേടു കയും ചെയ്യുന്നത് അവൻ ഇഷ്ടപ്പെടുന്നു. നമ്മെ വിമലീകരിക്കുകയും നമ്മുടെ പ്രതിഫല ങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യാനുള്ള ഒരു മാർഗമായി അവൻ ഇതിനെ നിശ്ചയിച്ചു. അബൂ അയ്യൂബ്(﵁), ഇബ്നു അബ്ബാസ്(﵄) തുടങ്ങിയവരും മറ്റു സ്വഹാബിമാരും നിവേദനം: നബി(ﷺ) പറഞ്ഞു:

لَوْ لَمْ تُذْنِبُوا، لَجَاءَ اللهُ عَزَّ وَجَلَّ بِقَوْمٍ يُذْنِبُونَ، لِيَغْفِرَ لَهُمْ

''നിങ്ങൾ പാപം ചെയ്യുന്നില്ലെങ്കിൽ, പാപം ചെയ്യുന്ന (ശേഷം പാപമോചനം തേടുകയും ചെയ്യുന്ന) വിഭാഗത്തെ അല്ലാഹു കൊണ്ടുവരും. അവർക്ക് പൊറുത്ത് കൊടുക്കുന്നതിന് വേണ്ടി.[3]

**ശൈത്വാൻ-** ഈ വിഷയത്തിലുള്ള ഏറ്റവും മികച്ച ഉദാഹരണങ്ങളിലൊന്നാണ് ഏറ്റവും ദുഷിച്ച ജീവിയായ ശൈത്വാന്റെ സൃഷ്ടിപ്പ്. അവനാകട്ടെ, മുഴുവൻ പാതകങ്ങളുടെയും ഗുരുവും പരിപാലകനുമാണ്.

ശൈത്വാന്റെ സൃഷ്ടിപ്പിന്റെ ഫലമായുണ്ടായ ധാരാളം ഗുണങ്ങളെ കുറിച്ച് അടുത്ത ഭാഗത്ത് നാം ചർച്ച ചെയ്യുന്നതാണ്.

### 6. തിന്മ അല്ലാഹുവിലേക്ക് ചേർത്തു പറയാവതല്ല

അല്ലാഹു തിന്മയൊന്നും ചെയ്യാത്തതുകൊണ്ട്, തിന്മ അവനിലേക്ക് ചേർത്തു പറയുന്നത് തെറ്റാണ്. തിന്മ ചെയ്യുന്നത് അവന്റെ സൃഷ്ടികൾ മാത്രമാണ്.

അല്ലാഹു പറയുന്നു:

﴿قُلْ أَعُوذُ بِرَبِّ ٱلْفَلَقِ ۝١ مِن شَرِّ مَا خَلَقَ ۝٢﴾ الفلق: ١ - ٢

''പറയുക: പുലരിയുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു. അവൻ സൃഷ്ടിച്ചുട്ടുള്ളവയുടെ കെടുതിയിൽ നിന്ന്.''(ഫലഖ് 1-2)

ഇനി, അല്ലാഹുവിന്റെ ചില സൃഷ്ടികൾ ചെയ്യുന്ന തിന്മയുടെ സൃഷ്ടിപ്പ് അല്ലാഹുവിലേക്ക് ചേർത്തു പറയുകയാണെങ്കിൽ തന്നെ, അത് പൂർണമായ തിന്മയാവുകയില്ലെന്ന് നാം വ്യക്ത മായി മനസ്സിലാക്കണം. കാരണം, വെറും തിന്മ മാത്രമാണ് അതെങ്കിൽ അത് സംഭവിക്കാൻ അല്ലാഹു അനുവദിക്കുമായിരുന്നില്ല.

അലി(﵁) നിവേദനം: നമസ്കാരത്തിന്റെ ആരംഭത്തിൽ നബി(ﷺ) ഇപ്രകാരം പ്രാർത്ഥിക്കാ റുണ്ട്:

لَبَّيْكَ وَسَعْدَيْكَ وَالْخَيْرُ كُلُّهُ فِي يَدَيْكَ وَالشَّرُّ لَيْسَ إِلَيْكَ أَنَا بِكَ وَإِلَيْكَ تَبَارَكْتَ وَتَعَالَيْتَ أَسْتَغْفِرُكَ وَأَتُوبُ إِلَيْكَ

[3] മുസ്ലിം. ഈ ഹദീഥിന്റെ വിവിധ റിപ്പോർട്ടുകൾ അൽബാനി തന്റെ അസ്സ്വഹീഹയിൽ ചർച്ച ചെയ്തിട്ടുണ്ട്- 967-970.

‘‘നിന്റെ ആജ്ഞ സദാ സ്വീകരിക്കുവാൻ ഞാൻ ഇതാ ഇവിടെയുണ്ട്. സകല നന്മയും നിന്റെ കൈകളിലാകുന്നു. തിന്മ നിന്നിലേക്ക് ചേർക്കാവതല്ല. നീ കാരണമാണ് ഞാൻ ഇവിടെയുള്ളത്. നിന്നിലേക്കാണ് എന്റെ മടക്കം. ഏറെ അനുഗ്രഹീതനും ഉന്നതനുമാണ് നീ. നിന്നോട് ഞാൻ പാപമോചനം തേടുന്നു. നിന്നിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുന്നു.’’[4]

ഈ ഹദീഥ് പരാമർശിച്ചുകൊണ്ട്, അൽബാനി(ﷺ) പറയുന്നു: ‘‘അതായത്, തിന്മ അല്ലാഹുവിലേക്ക് ചേർത്തു പറയപ്പെടാവതല്ല. എന്തെന്നാൽ, അവന്റെ പ്രവർത്തനങ്ങളിലൊന്നും തിന്മയില്ല. മറിച്ച്, അവന്റെ എല്ലാ പ്രവർത്തനങ്ങളും നന്മയാണ്. കാരണം, അത് നീതിയുടെയും ഔദാര്യത്തിന്റെയും അറിവിന്റെയും ഇടയിൽ കറങ്ങുകയാണ്. തിന്മ തീരെയില്ലാത്തവിധം അവയെല്ലാം നന്മയാണ്. തിന്മ യഥാർത്ഥത്തിൽ തിന്മയായിത്തീർന്നത് അത് അല്ലാഹുവിലേക്ക് ചേർത്തു പറയാൻ പാടില്ലാത്തത് കൊണ്ടാണ്.’’[5]

കൂടാതെ, ആപേക്ഷിക തിന്മകൾ അല്ലാഹുവിലേക്ക് ചേർത്തു പറയുന്നത് ഒഴിവാക്കാൻ നാം ശ്രമിക്കുകയും വേണം. ‘‘കുറ്റകൃത്യം, അവിശ്വാസം, അപരാധം, മുതലായവയെ സൃഷ്ടിച്ചത് അല്ലാഹുവാണ്’’ എന്ന് പറയുന്നതിന് പകരം ‘‘ഈ പൈശാചിക കൃത്യങ്ങൾ ചെയ്യുന്നവരുടെ ഉദ്ദേശത്തെയും കഴിവിനെയും സൃഷ്ടിച്ചത് അല്ലാഹുവാണ്’’ എന്നോ അതല്ല ‘‘അതിനേക്കാൾ വലിയ ആനുകൂല്യങ്ങൾക്കുവേണ്ടിയും ജ്ഞാനത്തിന് വേണ്ടിയുമാണ് അല്ലാഹു ഈ പൈശാചിക കൃത്യങ്ങൾ അനുവദിച്ചത്’’ എന്നോ നാം പറയണം.

ഉദാഹരണത്തിന്, ഇബ്രാഹീം നബി(ﷺ) തന്റെ ജനതയോട് പറഞ്ഞതായി അഌാഹു നമുക്ക് പറഞ്ഞു തരുന്നു:

ٱلَّذِى خَلَقَنِى فَهُوَ يَهْدِينِ ﴿٧٨﴾ وَٱلَّذِى هُوَ يُطْعِمُنِى وَيَسْقِينِ ﴿٧٩﴾ وَإِذَا مَرِضْتُ فَهُوَ يَشْفِينِ ﴿٨٠﴾ وَٱلَّذِى يُمِيتُنِى ثُمَّ يُحْيِينِ ﴿٨١﴾

الشعراء: ٧٨ - ٨١

‘‘അതായത് എന്നെ സൃഷ്ടിച്ച് എനിക്ക് മാർഗദർശനം നൽകിക്കൊണ്ടിരിക്കുന്നവൻ. എനിക്ക് ആഹാരം തരികയും കുടിനീർ തരികയും ചെയ്യുന്നവൻ. എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്. എന്നെ മരിപ്പിക്കുകയും പിന്നീട് ജീവിപ്പിക്കുകയും ചെയ്യുന്നവൻ’’ (അശ്ശുഅറാഅ് 78 –81)

ഇവിടെ, ജനങ്ങൾക്ക് വന്നുഭവിക്കുന്ന പല സ്വാഭാവിക കൃത്യങ്ങളും ഇബ്രാഹീം നബി(ﷺ) അല്ലാഹുവിലേക്ക് ചേർത്തു പറഞ്ഞു. എന്നാൽ, രോഗബാധ അല്ലാഹുവിന്റെ സൃഷ്ടിയാണെങ്കിൽകൂടി, അത് പറഞ്ഞപ്പോൾ അല്ലാഹുവിലേക്ക് നേരിട്ട് ചേർത്തുപറഞ്ഞിട്ടില്ല. അതായത്, ‘‘എനിക്ക് രോഗം ബാധിപ്പിച്ചവൻ’’ എന്ന് പറഞ്ഞിട്ടില്ല. മറിച്ച്, ‘‘എനിക്ക് രോഗം ബാധിച്ചാൽ’’ എന്ന പരാമർശത്തിലൂടെ അതിന്റെ യഥാർത്ഥ കർത്താവിനെ വളരെ മര്യാദയോടുകൂടി ഒഴിവാക്കുകയാണ് ചെയ്തത്.

ഉപരിസൂചിത ആശയങ്ങളുമായി ബന്ധപ്പെട്ട് അല്ലാഹു പറയുന്നു:

﴿ قُلِ ٱللَّهُمَّ مَٰلِكَ ٱلْمُلْكِ تُؤْتِى ٱلْمُلْكَ مَن تَشَآءُ وَتَنزِعُ ٱلْمُلْكَ مِمَّن تَشَآءُ وَتُعِزُّ مَن تَشَآءُ وَتُذِلُّ مَن تَشَآءُ ۖ بِيَدِكَ ٱلْخَيْرُ ۖ إِنَّكَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٢٦﴾ ﴾ آل عمران: ٢٦

[4] നമസ്കാരത്തിലെ പ്രാരംഭ പ്രാർത്ഥനകളിലൊന്നിന്റെ ചെറിയ ഭാഗം മാത്രമാണിത്. മുസ്‌ലിമും അബൂദാവൂദും മറ്റും ഉദ്ധരിച്ചതാണിത്.

[5] നബി(ﷺ)യുടെ നമസ്കാരം പേ. 96

''പറയുക: ആധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ, നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഉദ്ദേശിക്കുന്നവരിൽ നിന്ന് നീ ആധിപത്യം എടുത്തുനീക്കുകയും ചെയ്യുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ പ്രതാപം നൽകുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ നിന്ദ്യത വരുത്തുകയും ചെയ്യുന്നു. നിന്റെ കൈവശമത്രെ നന്മയുള്ളത്. നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു'' (ആലുഇംറാൻ 26)

ജനങ്ങൾ സാധാരണയായി നല്ലതായി കാണുന്നതും (ഉദാ: ആധിപത്യം നൽകൽ, പ്രതാപം നൽകൽ) അവർ മോശമായി കാണുന്നതുമായ (ഉദാ: ആധിപത്യം എടുത്തുനീക്കൽ, നിന്ദ്യത വരുത്തൽ) ഉദാഹരണങ്ങൾ അല്ലാഹു ഈ ആയത്തിൽ നൽകുന്നു. മുഴുവൻ നന്മയും അവന്റെ കൈവശമാണെന്ന് വ്യക്തമാക്കിക്കൊണ്ടാണ് ഈ വചനം അവസാനിപ്പിക്കുന്നത്. അതായത്, <u>ആപേക്ഷിക നന്മയും ആപേക്ഷിക തിന്മയും ആത്യന്തികനന്മയാണെന്നാണ്</u> സൂചിപ്പിക്കുന്നത്.

ഈ ആയത്തിനെ വ്യാഖ്യാനിച്ചുകൊണ്ട്, ഇബ്നുൽ ഖയ്യിം(ﷺ) പറഞ്ഞു:

''ലോകത്തിന്റെ മേലുള്ള പരമാധികാരം അല്ലാഹുവിന് മാത്രമാണ്. അവനുദ്ദേശിക്കുന്നവർക്ക് അവൻ പ്രതാപം നൽകുകയും അവൻ ഉദ്ദേശിക്കുന്നവരെ അവൻ നിസ്സാരമാക്കുകയും ചെയ്യുന്നു. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

അവൻ ഉദ്ദേശിക്കുന്നവരിൽ നിന്നും കൈവശാവകാശങ്ങളെ എടുത്തുനീക്കുന്നതും അവൻ ഉദ്ദേശിക്കുന്നവരെ നിസ്സാരമാക്കുന്നതും രണ്ടും നന്മയാണ്. നഷ്ടപ്പെട്ടവന്നും നിന്ദ്യത ബാധിച്ചവന്നും അത് മോശമായി തോന്നിയേക്കാമെങ്കിലും.

അല്ലാഹുവിന്റെ പ്രവർത്തനങ്ങൾ നീതിയുടെയും കാരുണ്യത്തിന്റെയും ഇടയിൽ ജ്ഞാനത്തിന്റെയും താൽപര്യത്തിന്റെയുമിടയിൽ നിലകൊള്ളുന്നവയാണ്. അവയെല്ലാം നന്മകൾ തന്നെയാണ്. അതിന് അവനെ വാഴ്ത്തുകയും സ്തുതിക്കുകയും വേണം. സകല തിന്മയിൽ നിന്നും അവൻ പരിശുദ്ധനാണ് എന്നത് കൊണ്ട് തന്നെ നാമവനെ വാഴ്ത്തുകയും സ്തുതിക്കുകയും ചെയ്യുന്നുണ്ട്. തിന്മ അവനിലേക്ക് ചേർത്തു പറയാവതല്ല. റസൂൽ(ﷺ) പറയാറുള്ളതായി സ്വഹീഹ് മുസ്‌ലിം ഉദ്ധരിക്കുന്നത് പോലെ:

وَالشَّرُّ لَيْسَ إِلَيْكَ

''തിന്മ നിന്നിലേക്ക് ചേർത്തു പറയുന്നില്ല.''

അല്ലാഹുവിന്റെ സൃഷ്ടികളിൽ ചിലതിൽ തിന്മയുണ്ട്. എങ്കിലും, അത് അവന്റെ നിർമ്മാണത്തിലോ കർമ്മത്തിലോ അല്ല. അവന്റെ സൃഷ്ടിപ്പ്, കർമ്മം, ആജ്ഞാപനങ്ങൾ, അളവ് എന്നിവയെല്ലാം നന്മയാണ്.

അനീതി തിന്മ എന്നൊക്കെ പറഞ്ഞാൽ കാര്യങ്ങൾക്ക് അതിന് യോജിച്ചതല്ലാത്ത സ്ഥാനം നൽകലാണ്. അല്ലാഹു അതിൽനിന്നെല്ലാം പരിശുദ്ധനാണ്.''[6]

ഇബ്നുൽ ഖയ്യിം(ﷺ) വീണ്ടും പറയുന്നു:

''അല്ലാഹുവാണ് എല്ലാ വസ്തുക്കളും സൃഷ്ടിച്ചതെങ്കിലും അവന്റെ ഉൽകൃഷ്ടനാമങ്ങൾ അവനിലേക്ക് തിന്മ, കുറ്റകൃത്യം, അനീതി എന്നിവ ചേർത്തു പറയുന്നതിനെ തടയുന്നു. ജനങ്ങളുടെയും അവരുടെ കർമങ്ങൾ, ചലനങ്ങൾ, വാക്കുകൾ എന്നിവയുടെയും സ്രഷ്ടാവ്

[6] ശിഫാഉൽ അലീൽ പേ. 509 – 510 എന്ന ഗ്രന്ഥത്തിൽ നിന്നും എടുത്തത്.

അവനാണ്. നികൃഷ്ടമായതോ വിലക്കപ്പെട്ടതോ ആയ കർമം കൊണ്ട് ഒരാൾ കുറ്റം അല്ലെങ്കിൽ പാപം ചെയ്യുന്നുണ്ടാകാം. എന്നാൽ അവന് അത് ചെയ്യാനുള്ള കഴിവ് നൽകിയത് അല്ലാഹുവാണ്. കഴിവ് നൽകുകയെന്ന ഈ പ്രവൃത്തി നീതിയും ജ്ഞാനവും ഔചിത്യവുമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒരാൾക്ക് ചെയ്യാനുള്ള കഴിവ് നൽകുന്നത് നന്മയാണ്. എന്നാൽ ആ വ്യക്തിയുടെ ചെയ്തി തിന്മയും നികൃഷ്ടവുമാണ്. ഈ കഴിവ് നൽകുന്നതിലൂടെ, അല്ലാഹു ഒരു വസ്തുവിനെ അതിന്റേതായ സ്ഥാനത്ത് വെച്ചു. പ്രശംസനീയവും മഹത്തരവുമായ ജ്ഞാനമാണ് അതിന് പിന്നിലുള്ള കാരണം. ഇത് നന്മയും ജ്ഞാനവും പ്രയോജനവും പ്രദാനം ചെയ്യുന്നു- ആ വ്യക്തിയിൽ നിന്നും ഉണ്ടാവുന്നത് അവഹേളനവും കഴിവുകേടും തിന്മയുമാണെങ്കിലും.

ഇത് നിത്യജീവിതത്തിൽ നിന്നും മനസ്സിലാക്കാവുന്നതേയുള്ളൂ. ഉദാഹരണത്തിന്, പരിചയസമ്പന്നനായ ഒരു കെട്ടിടനിർമ്മാതാവ് ഒരു മരക്കഷ്ണം അല്ലെങ്കിൽ പൊട്ടിയ കല്ലോ, ഇഷ്ടികത്തുണ്ടോ അതിന് അനുയോജ്യമായ സ്ഥാനത്ത് സ്ഥാപിക്കുന്നുവെങ്കിൽ ആ പ്രവർത്തി ശ്ലാഘനീയമാണ്- അവനുപയോഗിച്ചതിൽ എത്രതന്നെ ന്യൂനതകളുണ്ടെങ്കിലും ശരി. അതുപോലെ, മാലിന്യങ്ങൾ നിക്ഷേപിക്കുന്നിടത്ത് തന്നെ നിക്ഷേപിക്കുന്നത് വിവേകപൂർണവും ഉചിതവുമായ പ്രവർത്തനമാണ്. അതല്ല, അതിന് അനുയോജ്യമല്ലാത്ത സ്ഥലത്താണ് അവ നിക്ഷേപിക്കുന്നതെങ്കിലോ ഏറ്റവും വലിയ വിവരക്കേടും തെറ്റുമാണ്. പാദരക്ഷ കാലിൽ ധരിക്കുന്നതും ചവറ് ചവറ്റുകൊട്ടയിൽ നിക്ഷേപിക്കുന്നതും ഉചിതമാണ്. അത് ഒരിക്കലും പാദരക്ഷയോടോ ചവറിനോടോ കാണിക്കുന്ന അനീതിയല്ല. കാരണം അവ അവിടെത്തന്നെയാണ് വേണ്ടത്.''[7]

### സംക്ഷേപം

കഴിഞ്ഞുപോയ ചർച്ചയെ താഴെ കാണുന്ന പട്ടികയിൽ നമുക്ക് സംക്ഷേപിക്കാം:

1. അല്ലാഹു മാത്രമാണ് സ്രഷ്ടാവ്.
2. അല്ലാഹു സൃഷ്ടിക്കുന്ന സകല വസ്തുക്കളിലും ജ്ഞാനമുണ്ട്.
3. അല്ലാഹു സൃഷ്ടിക്കുന്നതെല്ലാം നന്മയാണ്.
4. സൃഷ്ടികൾക്കിടയിൽ തിന്മയുണ്ട്.
5. കേവല തിന്മ എന്ന ഒന്നില്ല.
6. തിന്മ അല്ലാഹുവിലേക്ക് ചേർത്തു പറയാവതല്ല.

## പിശാചിന്റെ സൃഷ്ടിപ്പിന് പിന്നിലുള്ള ജ്ഞാനം

കഴിഞ്ഞ ചർച്ചയുമായി ബന്ധപ്പെട്ട ഏറ്റവും സുപ്രധാനമായ ഒരുദാഹരണമാണ് പിശാചിന്റെ സൃഷ്ടിപ്പ്. ഇന്നുവരെയുള്ള സൃഷ്ടികളിൽ വെച്ച് ഏറ്റവും ദുഷ്ടനായ ഒരു സൃഷ്ടിയാണ് പിശാച്. അവൻ ജനങ്ങളുടെ മതത്തെയും കർമങ്ങളെയും വിശ്വാസങ്ങളെയും ഉദ്ദേശ്യങ്ങളെയും ദുഷിപ്പിക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ നിന്നുള്ള ജനങ്ങളുടെ വ്യതിചലനത്തിന് കാരണക്കാരൻ അവനാണ്. അതിനാൽ ഒന്നാമതായി, എന്തിനാണ് അവനെ അല്ലാഹു സൃഷ്ടിച്ചത് എന്ന് മനസ്സിലാക്കണം.

---

[7] ശിഫാഉൽ അലീൽ പേ. 512

لَوْ أَرَادَ اللَّهُ أَنْ لَا يُعْصَى مَا خَلَقَ إِبْلِيسَ

അബ്ദുല്ലാഹിബ്നു അംറ്(ﷺ) നിവേദനം: നബി(ﷺ) പറഞ്ഞു: ''അനുസരണക്കേട് കാണിക്കപ്പെടാതിരിക്കാൻ അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ, അവൻ ഇബ്ലീസിനെ സൃഷ്ടിക്കുമായിരുന്നില്ല.''[8]

അവൻ മനുഷ്യർക്കുണ്ടാക്കുന്ന ദ്രോഹങ്ങൾ വളരെ വലുതാണെങ്കിലും ശൈത്വാന്റെ സൃഷ്ടിപ്പ് കൊണ്ട് ഉപദ്രവത്തേക്കാൾ ഉപകാരമാണ് മൊത്തത്തിലുള്ളതെന്ന് മുകളിൽ കഴിഞ്ഞ ചർച്ചയിൽ നിന്നും നമുക്ക് അനുമാനിക്കാവുന്നതാണ്. പിശാചിനെ സൃഷ്ടിച്ചതിന് പിന്നിലുള്ള പൂർണമായ ജ്ഞാനം അല്ലാഹുവിന് മാത്രമാണ്. എന്നാൽ അവയിൽ ചിലത് മാത്രം നമുക്ക് ഇവിടെ വീക്ഷിക്കാം:

1. ജനങ്ങളുടെ സൃഷ്ടിപ്പിനുള്ള കാരണം പിശാചിന്റെ നിലനിൽപുമായി യോജിക്കുന്നു: അത് അല്ലാഹുവിനാൽ പരീക്ഷിക്കപ്പെടുവാനും അല്ലാഹുവിനുള്ള യഥാർത്ഥ കീഴ്വണക്കം കാണിക്കാനുമാണ്. അല്ലാഹുവിന്റെ മാർഗത്തിൽ കഠിനമായി പരിശ്രമിക്കുന്നതാണ് ആരാധനാ രീതികളിൽ അല്ലാഹുവിന് ഏറ്റവും പ്രിയങ്കരമായത്. എല്ലാവരും സത്യവിശ്വാസികളായിരുന്നെങ്കിൽ, ഇതിന്റെ ആവശ്യമുണ്ടാകുമായിരുന്നില്ല. അതല്ലെങ്കിൽ നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക, ക്ഷമ, ദേഹേച്ഛകൾക്ക് കടിഞ്ഞാണിടൽ, പാപമോചനം തേടൽ, ഖേദിച്ചു മടങ്ങൽ, ശത്രുവിനെതിരിൽ അല്ലാഹുവോട് രക്ഷ തേടൽ തുടങ്ങിയവയുടെയും മനസ്സിന് ഒരിക്കലും നിരൂപിക്കാൻ സാധിക്കാത്തത്രയും പ്രയോജനങ്ങളുള്ള മറ്റു ആരാധനാ രീതികളുടെയും ആവശ്യമുണ്ടാകുമായിരുന്നില്ല.

2. പിശാചിന്റെ സൃഷ്ടിപ്പിലൂടെ വിപരീത വസ്തുക്കളെ സൃഷ്ടിക്കാനുള്ള അല്ലാഹുവിന്റെ കഴിവാണ് പ്രകടമാകുന്നത്: ആത്യന്തിക തിന്മയായ ഈ ജീവിയെ സൃഷ്ടിച്ച അല്ലാഹു നേർവിപരീതമായ പരിശുദ്ധനായ ജിബ്രീലിനെയും സൃഷ്ടിച്ചു. അതുപോലെ രാവ്-പകൽ, രോഗം-സൗഖ്യം, ജീവിതം-മരണം എന്നീ പരസ്പര വിരുദ്ധ വസ്തുക്കളേയും അല്ലാഹു സൃഷ്ടിച്ചിട്ടുണ്ട്. സൃഷ്ടികളുടെ മേലുള്ള അല്ലാഹുവിന്റെ പൂർണമായ കഴിവും നിയന്ത്രണവുമാണ് ഇത് പ്രകടമാക്കുന്നത്.

3. പിശാചിന്റെ സൃഷ്ടിപ്പിലൂടെ തിന്മയും ധിക്കാരവും നിലവിൽ വന്നു. അത് അല്ലാഹുവിന്റെ പല വിശിഷ്ടനാമങ്ങളും വിശേഷണങ്ങളും പ്രകടമാക്കാൻ കാരണമാകുന്നു. ഒരു വശത്ത് കാരുണ്യം, സഹനം, ദയാദാക്ഷീണ്യം, മാപ്പ് കൊടുക്കൽ, ഉദാരത, മഹാമനസ്കത എന്നീ ഗുണങ്ങൾ; മറുവശത്ത് ആധിപത്യം, അപ്രതിരോധ്യത, കീഴ്പ്പെടുത്തൽ, പ്രതികാരം, ശിക്ഷ തുടങ്ങിയ വിശേഷണങ്ങൾ.

4. പിശാചിന്റെ പാപമില്ലായിരുന്നില്ലെങ്കിൽ നന്മതിന്മകൾ തമ്മിലും, ധാർമികതയും, അധാർമികതയും തമ്മിലും, ഒരു പ്രവാചകനും ഒരു പിശാചും തമ്മിലും വേർതിരിച്ചറിയാൻ നമുക്ക് സാധിക്കുകയില്ലായിരുന്നു. അവന്റെ പാപമില്ലായിരുന്നെങ്കിൽ, അല്ലാഹുവിന്റെ സൃഷ്ടികളിൽ ഏറ്റവും ഉത്തമനായ മുഹമ്മദി(ﷺ)നേയും മറ്റു മനുഷ്യരേയും നമുക്കൊരിക്കലും വേർതിരിച്ച് അറിയുമായിരുന്നില്ല.

തുടരും... ان شاء الله

[8] ബസ്സാർ, ബൈഹഖി എന്നിവരും മറ്റും. അൽബാനി ഇത് സ്വഹീഹാണെന്ന് സ്ഥിരീകരിച്ചു.- അസ്വഹീഹ 1642